**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2539** **06-10-2025 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവീസിൽ ഇരിക്കെ മരിക്കുന്ന ജീവനക്കാരുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കുടുംബപെൻഷന് അർഹതയില്ല. |
| (ബി) | കുടുംബ പെൻഷന് അർഹതയില്ല എങ്കിൽ പകരം ധനസഹായം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് മരണപെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 31.8.2016 ലെ സ.ഉ.(അ) നം.126/2016/ധന പ്രകാരം മരണമടഞ്ഞ ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30 % -ത്തിനു തുല്യമായ തുക ആശ്വാസ ധനസഹായമായി അനുവദിച്ച് വരുന്നു. |
| (സി) | പദ്ധതിയിൽ നിന്നും ലഭിക്കുന്ന തുകയ്ക്ക് പുറമെയാണോ ഈ സഹായമെന്നും സർക്കാരിന്റെ സാമ്പത്തിക സഹായം ഒറ്റത്തവണയാണോ പ്രതിമാസമാണോ എന്നും അറിയിക്കാമോ; | (സി) | പദ്ധതിയിൽ നിന്നും ലഭിക്കുന്ന തുകയ്ക്ക് പുറമെയാണ് ആശ്വാസ ധനസഹായം അനുവദിക്കുന്നത്. ടി ആനുകൂല്യം പ്രതിമാസമായി അനുവദിച്ച വരുന്നു. |
| (ഡി) | 31.08.2016 ലെ ധനകാര്യവകുപ്പിന്റെ 126/2016/ ഫിൻ നമ്പർ ഉത്തരവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് സർവീസിൽ ഇരുന്ന് മരണപ്പെടുന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായ സർക്കാർ ജീവനക്കാരന്റെ കുടുംബത്തിന് നല്കിയിരുന്നത്/നൽകുന്നതിന് തീരുമാനിച്ചിരുന്നതെന്ന് വിശദമാക്കുമോ; | (ഡി) | പ്രസ്തുത ഉത്തരവ് പ്രകാരം ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% ത്തിനു തുല്യമായ തുക ആശ്വാസ ധനസഹായമായി അനുവദിച്ച് വരുന്നു. |
| (ഇ) | പ്രസ്തുത ഉത്തരവ് പിന്നീട് പരിഷ്കരിച്ച് ഇറക്കിയിട്ടുണ്ടോ; ആയതിൽ 126/2016/ഫിൻ ഉത്തരവിൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ഒഴിവാക്കിയിരുന്നോ; എങ്കിൽ ഓരോന്നിന്റെയും വിശദാംശം ഉത്തരവുകളുടെ പകർപ്പ് ഉൾപ്പെടെ നൽകാമോ? | (ഇ) | പ്രസ്തുത ഉത്തരവ് പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കൊണ്ട് 08.11.2017 ലെ സ.ഉ.(അ) നം.141/2017/ധന, 23.06.2018 ലെ സ.ഉ.(അ) നം. 97/2018/ധന, 31.03.2019 ലെ സ.ഉ.(അ) നം .41/2019/ധന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 31.08.2016 ലെ സ.ഉ.(അ) നം.126/2016/ധന ഉത്തരവ് പ്രകാരം അനുവദിച്ച ആനുകൂല്യങ്ങൾ ഒന്നും ഒഴിവാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ